# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 11, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
| --- |
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |

### വിജിലൻസ് കേസുകളുടെ വിശദാംശം

*1 ശ്രീ. ബാബു എം. പാലിശ്ശേരി
,, എം. ചന്ദ്രൻ
,, റ്റി. വി. രാജേഷ്
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിന് എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ; ഈ സർക്കാർ ഏതെല്ലാം വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി;

(ബി) സംസ്ഥാന ഖജനാവിന് നഷ്ടം വരുത്തിയിട്ടുള്ളതും അഴിമതിയും ക്രമക്കേടുകളും ആരോപിക്കപ്പെട്ടിട്ടുള്ളതുമായ ഏതെങ്കിലും വിജിലൻസ് കേസുകൾ ഈ സർക്കാർ പിൻവലിച്ചിട്ടുണ്ടോ;

(സി) മന്ത്രിമാരോ, മുൻ മന്ത്രിമാരോ, ഉദ്യോഗസ്ഥരോ ഉൾപ്പെട്ട വിജിലൻസ് കേസുകളിൽ ഏതെങ്കിലും പിൻവലിക്കാനോ പുനരന്വേഷണമോ തുടർ അന്വേഷണമോ നടത്താനോ സർക്കാർ തീരുമാനം എടുത്തി

ട്ടുണ്ടോ; എങ്കിൽ അവർ ഏതെല്ലാം കേസുകളാണെന്ന് വെളിപ്പെടുത്താമോ?

(ഡി) ഇപ്പോഴത്തെ മന്ത്രിമാരിൽ വിജിലൻസ് അന്വേഷണമോ കേസുകളോ നേരിടുന്നവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ**

*2 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിയോജകണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച നടപടിക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം എം.എൽ.എ.മാരെ അറിയിക്കുന്നത് സംബന്ധിച്ച പൊതുഭരണവകുപ്പ് സർക്കുലർ ഇറക്കിയിട്ടും ഇത് നടപ്പിലാക്കുന്ന കാര്യത്തിൽ വിവിധ വകുപ്പുകൾ കാണിക്കുന്ന അലംഭാവം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഈ സർക്കുലർ നടപ്പിലാക്കുന്ന കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>മുദ്രപ്പത്ര തട്ടിപ്പുകൾ</u>

*3 ശ്രീ. കെ. എം. ഷാജി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, പി. കെ. ബഷീർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വ്യാജമുദ്രപ്പത്രങ്ങളിലൂടെയും സമാനമായ രീതിയിലും അരങ്ങേറുന്ന സാമ്പത്തിക തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരം തട്ടിപ്പുകൾ സംസ്ഥാന ഖജനാവിനുണ്ടാക്കുന്ന ആഘാതത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദ വിവരം വ്യക്തമാക്കുമോ;

(സി) മുദ്രപ്പത്രങ്ങളുടെ വ്യാജ നിർമ്മിതിയും, വിതരണവും തടയാൻ ഇന്നു നിലവിലുള്ള സെക്യൂരിറ്റി സംവിധാനങ്ങൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇവ പരിഹരിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുകയും അതിനായി വിദഗ്ദ്ധരുടെ അഭിപ്രായം തേടുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**മാതൃകാ മത്സ്യഗ്രാമങ്ങൾ**

*4 ശ്രീ. പി.എ. മാധവൻ
,, ഐ.സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ മത്സ്യഗ്രാമങ്ങൾക്കു വേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാ
ാ
മാണെന്ന് അറിയിക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിനും നിരീക്ഷണത്തിനുമായി എന്തെല്ലാം സംവിധാനങ്ങൾ തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**വിദേശികൾക്ക് ഹോംസ്റ്റേ - വ്യവസ്ഥകൾ**

*5 ശ്രീ. കെ. രാജു
,, മുല്ലക്കര രത്നാകരൻ
,, വി. ശശി
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താമസിക്കാനെത്തുന്ന വിദേശികൾക്ക് താമസസൗകര്യം നൽകുന്നവർ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ്; നിലവിൽ പ്രസ്തുത വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ;

(ബി) വിദേശികൾക്ക് ഹോം സ്റ്റേ സമ്പ്രദായം ഏർപ്പെടുത്തുന്നത് വ്യാപകമായിരിക്കെ പ്രസ്തുത വ്യവസ്ഥകൾ പാലിക്കപ്പെടാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പ്രസ്തുത വ്യവസ്ഥകൾ പാലിക്കാത്ത എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്; വ്യവസ്ഥകൾ പാലിക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**<u>വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ പദ്ധതിരേഖയ്ക്ക് അംഗീകാരം നേടൽ</u>**

*6 **ഡോ. എൻ. ജയരാജ്**
**ശ്രീ. റോഷി അഗസ്റ്റിൻ**
**,, പി. സി. ജോർജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാകുന്നതിന് എന്തെല്ലാം നടപടികൾ ഇനിയും സ്വീകരിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മത്സ്യബന്ധന തുറമുഖം ആധുനീകവൽക്കരിക്കുന്നതിനുളള പദ്ധതിരേഖയ്ക്ക് അംഗീകാരം ലഭിച്ചുവോ; പദ്ധതിരേഖ എന്നാണ് കേന്ദ്രത്തിന് സമർപ്പിച്ചത്; വിശദാംശം ലഭ്യമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം നേടിയെടുത്ത് മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

**<u>വാണിജ്യ നികുതി പരാതി സെൽ</u>**

*7 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിഭവസമാഹരണം ശക്തിപ്പെടുത്തുന്നതിനും നികുതി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിനായി വാണിജ്യ നികുതി പരാതി സെൽ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ അതിന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ഗ്രാമ ന്യായാലയങ്ങൾ</u>

*8 ശ്രീ.സി. പി. മുഹമ്മദ്
,, വി. ടി. ബൽറാം
,, വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ആയത് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് ബഹു. ഹൈക്കോടതി അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) ഇവയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**പെട്രോൾ വില വർദ്ധന**

*9 ശ്രീ. കെ. കെ. നാരായണൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. വി. ശിവൻകുട്ടി
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെട്രോൾ വിലവർദ്ധന, പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ജീവിതത്തെ എങ്ങനെയെല്ലാം ബാധിച്ചു എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലയിലും സേവനമേഖലകളിലും ആയത് ഉളവാക്കിയ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) വില നിയന്ത്രണം കേന്ദ്രസർക്കാർ എടുത്തുകളഞ്ഞത് മൂലം വില നിർബാധം വർദ്ധിപ്പിക്കുന്ന സ്ഥിതിവിശേഷം ഉളവായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്പോഴത്തെ കേന്ദ്രസർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം ഇവയുടെ വില എത്ര തവണ എത്ര രൂപവീതം വർധിപ്പിക്കുകയുണ്ടായി ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**എക്സൈസ് വകുപ്പ് നവീകരണവും പരിശീലന അക്കാഡമിയും**

*10 ശ്രീ. വി. പി. സജീന്ദ്രന്‍
,, ബെന്നി ബെഹനാന്‍
,, വി. റ്റി. ബല്‍റാം
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) എക്സൈസ് വകുപ്പ് നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമാണ് ;

(ബി) എക്സൈസ് ജീവനക്കാര്‍ക്കായി പരിശീലന അക്കാഡമി
തുടങ്ങുവാനുള്ള നടപടികള്‍ ഏത് ഘട്ടം വരെയായി;

(സി) എവിടെയാണ് അക്കാഡമി തുടങ്ങുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>വര്‍ഗീയ സ്വഭാവമുള്ള ആക്രമണങ്ങള്‍</u>

*11 ശ്രീ. ഇ. പി. ജയരാജന്‍
,, പി. ശ്രീരാമകൃഷ്ണന്‍
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വര്‍ഗീയ സ്വഭാവമുള്ള ആക്രമണങ്ങള്‍ വര്‍ദ്ധിച്ചുവരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വര്‍ഗീയാസ്വാസ്ഥ്യം സൃഷ്ടിക്കുന്നവര്‍ക്കെതിരെ എന്തു നടപടി സ്വീകരിക്കുകയുണ്ടായി;

(ബി) ഇക്കാര്യങ്ങള്‍ സംബന്ധിച്ച് എന്തെങ്കിലും പോലീസ് റിപ്പോര്‍ട്ട് ലഭിക്കുകയുണ്ടായോ;

(സി) എങ്കില്‍ റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ കൈക്കൊണ്ട നടപടികള്‍ വിശദമാക്കാമോ; വര്‍ഗീയ സ്വഭാവത്തിലുള്ള ആക്രമണങ്ങള്‍ക്ക് ഇനിയും സാധ്യതയുള്ള പ്രദേശങ്ങളെ പോലീസ് നിരീക്ഷിക്കുന്നുണ്ടോ;

(ഡി) നാദാപുരത്തെ നരിക്കാട്ടേരിയില്‍ അഞ്ചുപേര്‍ ബോംബ് നിര്‍മ്മാണത്തിനിടയില്‍ മരിച്ച സംഭവം സംബന്ധിച്ച അന്വേഷണം ഇപ്പോള്‍ ഏതു ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മദ്യ നിരോധനം</u>

*12 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. എൻ. എ. ഖാദർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധനം ഏർപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ നയരൂപീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാന ഖജനാവിന്റെ വരുമാനം മാത്രം ലക്ഷ്യമിട്ടാണ് മദ്യനിരോധനം ഏർപ്പെടുത്താത്തതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനങ്ങളിലെ ആരോഗ്യപ്രശ്നങ്ങളുടെ പ്രധാന കാരണം മദ്യപാനമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ഉണ്ടാകുന്ന ക്രിമിനൽ കുറ്റങ്ങൾക്കും റോഡപകടങ്ങൾക്കും പിന്നിൽ മദ്യത്തിന്റെ ഉയർന്ന തോതിലെ ഉപയോഗമാണെന്ന വസ്തുത പരിഗണിച്ച് സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>മത്സ്യദൗർലഭ്യവും വിലക്കയറ്റവും</u>**

*13 ശ്രീ. ജി. എസ്. ജയലാൽ
,, ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യലഭ്യത കുറഞ്ഞു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലഭ്യത കുറയുവാനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മണ്ണെണ്ണ സബ്സിഡി ലഭിക്കാത്തതിനെത്തുടർന്ന് യന്ത്രങ്ങൾ ഉപയോഗിച്ചുള്ള വലിയ വള്ളങ്ങൾ കടലിലിറങ്ങാതായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തിന്റെ അമിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**അനധികൃത ബാറുകൾ**

*14 ശ്രീ. സി. കൃഷ്ണൻ
,, കെ. രാധാകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത ബാറുകൾ പ്രവർത്തിപ്പിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ നിർത്തലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; ഇത്തരം എത്ര ബാറുകൾ ഈ സർക്കാർ അധികാരമേറ്റ ശേഷം അടച്ചു പൂട്ടുകയുണ്ടായി;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി ബാറുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ; എത്ര ബാറുകൾക്ക് ലൈസൻസ് പുതുക്കിക്കൊടുത്തിട്ടുണ്ട്; ബാറുകൾ പൂർണ്ണമായും നിറുത്തലാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ</u>

*15 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. എം. എ. ബേബി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കുറച്ചുകൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര റോഡപകടങ്ങൾ നടന്നു; ഈ കാലയളവിൽ റോഡപകടങ്ങൾ മൂലം മരണപ്പെട്ടവരെത്ര?

(സി) അപകട കാരണങ്ങളുടെ പൊതുസ്വഭാവം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; റോഡപകട കേസുകളിൽ കുറ്റവാളികളായി കണക്കാക്കപ്പെട്ടവരിൽ ഇപ്പോഴും അറസ്റ്റ് ചെയ്യപ്പെടാത്തവരുണ്ടോ; എങ്കിൽ എത്ര?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**<u>കാരുണ്യ ലോട്ടറി പദ്ധതി</u>**

***16 ശ്രീ. പി. സി. വിഷ്ണുനാഥ്**
**,, ലൂഡി ലൂയിസ്**
**,, എം. പി. വിൻസെന്റ്**
**,, ഷാഫി പറമ്പിൽ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

**(എ) കാരുണ്യ ലോട്ടറി പദ്ധതി വിപുലപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; ഈ പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തുകയുണ്ടായോ; വിശദമാക്കാമോ ;**

**(ബി) കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ലാഭം പൂർണ്ണമായും വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ടോ ;**

**(സി) പ്രതിവർഷം ശരാശരി എന്തു തുക ലാഭം ലക്ഷ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; അതനുസരിച്ച് ലോട്ടറിയുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ ;**

**(ഡി) ലാഭത്തിൽ നിന്നുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ജില്ലകൾക്ക് ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ടോ ; ഇതിന്റെ മാനദണ്ഡം വിശദമാക്കുമോ ?**

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**സൈബർ കുറ്റകൃത്യങ്ങൾ**

*17 ശ്രീ. എം. ഉമ്മർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ;

(ബി) ഓൺ ലൈൻ ബാങ്കിംഗ് സൗകര്യം മുതലെടുത്ത് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പണം തട്ടുന്ന സംഘങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സമ്മാനങ്ങളുടെ പേരിൽ, സാധാരണക്കാരുടെ അജ്ഞത മുതലെടുത്ത്, ഇന്റർനെറ്റ്, മൊബൈൽ എന്നിവ വഴിയുള്ള തട്ടിപ്പുകൾ തടയുന്നതിനും ജനങ്ങളെ ബോധവത്കരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) മേല്പറഞ്ഞ തട്ടിപ്പുകൾ തടയാൻ ബന്ധപ്പെട്ട സാങ്കേതിക വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>കാരുണ്യ ലോട്ടറി</u>**

*18 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി ചികിത്സാ ധനസഹായ പദ്ധതിയിലൂടെ ഇതുവരെ നിർദ്ധനരായ എത്ര രോഗികൾക്ക് ധനസഹായം നല്കുവാൻ സാധിച്ചിട്ടുണ്ട്;

(ബി) ചികിത്സാ ധനസഹായം ഇനത്തിൽ ഇതിനോടകം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത പദ്ധതിയിൽ സ്വകാര്യ ആശുപത്രികളുടെ സേവനം കൂടി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>ജനസമ്പർക്കപരിപാടിയും ലഭിക്കുന്ന പരാതികളുടെ പരിഹാരവും</u>**

***19 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**
**'' ജോസഫ് വാഴക്കൻ**
**'' കെ. അച്ചുതൻ**
**'' അൻവർ സാദത്ത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന ജനസമ്പർക്ക പരിപാടികളിലെ എല്ലാ പരാതികൾക്ക് പരിഹാരം കാണുന്ന കാര്യം പരിഗണിക്കുമോ ;**

(ബി) **ജനസമ്പർക്ക പരിപാടിയിൽ തീർപ്പ് കൽപ്പിക്കാത്ത പരാതികൾ പിന്നീട് പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;**

(സി) **പ്രസ്തുത പരാതികളിലെ തുടർനടപടികൾക്ക് ഉദ്യോഗസ്ഥ സംഘത്തെ ചുമതലപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?**

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ജനമൈത്രി പോലീസ്</u>

*20 ശ്രീ. ബെന്നി ബെഹനാൻ
,, സി. പി. മുഹമ്മദ്
,, വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനമൈത്രി പോലീസ് സംവിധാനം വ്യാപകമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) എത്ര പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**റവന്യൂ കമ്മിയും വായ്പകളും കുറയ്ക്കുന്നതിനുള്ള നടപടികൾ**

*21 ശ്രീ. എം. ഹംസ
ഡോ. ടി. എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂകമ്മിയും വായപ്കളും കുറയ്ക്കുന്നതിലേയ്ക്കുള്ള ഈ സർക്കാരിന്റെ ലക്ഷ്യവും സ്വീകരിച്ച നടപടികളും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഇപ്പോഴത്തെ കമ്മി എത്ര; ഇതു സംബന്ധമായി കേന്ദ്ര ആസൂത്രണ കമ്മീഷന്റെയും ഇന്ത്യാ ഗവൺമെന്റിന്റെയും നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു;

(സി) എന്തെല്ലാം കാര്യങ്ങൾക്ക് സർക്കാർ കടം വാങ്ങരുതെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഇത് സർക്കാർ അംഗീകരിക്കുന്നുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എത്ര കോടി രൂപ കടം വാങ്ങുകയുണ്ടായി; ഏതെല്ലാം മാർഗ്ഗത്തിലെന്ന് അറിയിക്കുമോ;

(ഇ) 2011-12 വർഷത്തിൽ കേരളത്തിൽ റവന്യൂ വരുമാനം എത്രയായിരുന്നു; മുൻവർഷത്തിലേതിനേക്കാൾ എത്ര ശതമാനം കൂടി; കടബാധ്യത എത്രയായി കുറഞ്ഞു?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>യു.എൻ.ഡി.പി.യുടെ കേരള സന്ദർശനം</u>

*22 ശ്രീ. എം.എ.വാഹിദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, കെ.അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭരണസുതാര്യത പഠന വിധേയമാക്കുവാൻ ഐക്യരാഷ്ട്രസഭയുടെ ഏജൻസിയായ യു.എൻ.ഡി.പി. സംസ്ഥാനം സന്ദർശിച്ചിരുന്നുവോ; വിശദമാക്കുമോ

(ബി) യ.എൻ.ഡി.പി. ഇങ്ങനെ ഒരു സന്ദർശനം നടത്താൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം വിഷയങ്ങളാണ് പഠന വിധേയമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനം സന്ദർശിച്ചശേഷം യു.എൻ.ഡി.പി.യുടെ പ്രതികരണം എന്തായിരുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ജനസമ്പര്‍ക്ക പരിപാടിയുടെ നേട്ടങ്ങള്‍**

*23 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടന്‍
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെ ജനസമ്പര്‍ക്ക പരിപാടിയുടെ നേട്ടങ്ങള്‍ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരിപാടി എല്ലാ വര്‍ഷവും നടത്തുന്നതിനും മാസാമാസങ്ങളില്‍ അവലോകനം ചെയ്ത്, പൊതുജനങ്ങള്‍ക്ക് കൂടുതല്‍ ജനോപകാരപ്രദമാക്കുന്നതിനും എന്തെല്ലാം നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) സമാനമായ പരിപാടി ത്രിതല പഞ്ചായത്തില്‍ ആറ് മാസത്തില്‍ ഒരിക്കല്‍ ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തില്‍ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം</u>

*24 ശ്രീ. സണ്ണി ജോസഫ്
,, വര്‍ക്കല കഹാര്‍
,, അന്‍വര്‍ സാദത്ത്
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാര്‍ത്ഥ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ ടെന്‍ഡര്‍ നടപടികള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണ്;

(സി) കേന്ദ്ര സര്‍ക്കാരില്‍ നിന്നും ലഭിക്കേണ്ട അനുമതികള്‍ എല്ലാം ലഭ്യമായിട്ടുണ്ടോ ; വിശദമാക്കുമോ;

(ഡി) തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവശ്യമായ ഭൂമി ഏറ്റെടുക്കല്‍, ഭൂവുടമകള്‍ക്കുള്ള നഷ്ടപരിഹാര വിതരണം എന്നിവ പൂര്‍ത്തികരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

**'വിഴിഞ്ഞം മദര്‍ പോര്‍ട്ട് '**

*25 ശ്രീ. റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടന്‍
,, സി. എഫ്. തോമസ്
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) 'വിഴിഞ്ഞം മദര്‍ പോര്‍ട്ട്' പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി എപ്പോള്‍ യാഥാര്‍ത്ഥ്യമാക്കുവാന്‍ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതി സമയബന്ധിതമായി പൂര്‍ത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ബാറുകളുടെ പ്രവർത്തന സമയം</u>

*26 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. വി. വിജയദാസ്
,, ബി. ഡി. ദേവസ്സി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകളുടെയും വിദേശമദ്യ വിൽപ്പനശാലകളുടെയും പ്രവർത്തന സമയം പാതിരാത്രിവരെ നീട്ടുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സമയമാറ്റംകൊണ്ട് സർക്കാർ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) നിലവിലുണ്ടായിരുന്ന സമയക്രമത്തിൽ വരുത്തിയ മാറ്റം വിശദമാക്കാമോ;

(സി) ബാറുകളുടെ പ്രവർത്തനസമയം കുറച്ചു കൊണ്ടുവരുക എന്ന സമീപനം സർക്കാർ വേണ്ടെന്നുവെച്ചത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ബാങ്കുകളിൽ നിന്നുള്ള വിദ്യാഭ്യാസ വായ്പക്ക് നയരൂപീകരണം**

*27 ശ്രീമതി ഗീതാ ഗോപി
ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. അജിത്
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരിച്ചടവ് ഉറപ്പാക്കാൻ കഴിയാത്തവരിൽ നിന്നും കൂടുതൽ പലിശ ഈടാക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ വായ്പയെടുത്ത കുട്ടിയോ, വരുമാന സ്രോതസ്സായ ഗൃഹനാഥനോ മരണപ്പെട്ടാൽ മാനുഷിക പരിഗണന നൽകി വായ്പാ തിരിച്ചടവിൽ നിന്നും ഒഴിവാക്കിക്കൊടുക്കാനുള്ള നിർദ്ദേശമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ നിർദ്ദേശം കർശനമായി നടപ്പാക്കാൻ നടപടികകൾ സ്വീകരിയ്ക്കുമോ;

(ഡി) വിദ്യാഭ്യാസ വായ്പയ്ക്ക് ഒരു ഏകീകൃത നയം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**തൊഴിൽ സംരഭക മിഷൻ**

*28 ശ്രീ. കെ. ശിവദാസൻ നായർ
,, ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ സംരഭക മിഷൻ തുടക്കമിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെയാണ് ;

(സി) തൊഴിൽ സംരഭകർക്കുള്ള പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) എത്ര ലക്ഷം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**മത്സ്യ'ചാകര'**

*29 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്
,, സി. മോയിന്‍കുട്ടി
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ തീരക്കടലില്‍ മുന്‍കാലത്ത് കാലാകാലം ലഭ്യമായിരുന്ന 'ചാകര' മത്സ്യസമ്പത്ത് ഇപ്പോള്‍ കുറഞ്ഞുപോകാനുണ്ടായ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) കടലാക്രമണം പ്രതിരോധിക്കുന്നതിനായി നിര്‍മ്മിച്ച കടല്‍ഭിത്തികള്‍ തീരക്കടലിന്റെ സ്വാഭാവികതയ്ക്കും ചലനങ്ങള്‍ക്കും മാറ്റം വരുത്തുന്നത് ചാകരയെ ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) മണ്‍സൂണ്‍ കാലത്ത് കടലില്‍ ഒഴുകിയെത്തുന്ന പ്രളയജലത്തില്‍ വന്ന കുറവും, മറ്റു ഘടകങ്ങളും, തീരക്കടലിലെ മത്സ്യസമ്പത്തിനെ സ്വാധീനിക്കാറുണ്ടോ എന്നതു സംബന്ധിച്ച് പഠനം നടന്നിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ഡി) കേരള തീരത്ത് ചാകരമത്സ്യസമ്പത്ത് കൂടുതല്‍ ലഭ്യമാക്കാന്‍ എന്തെങ്കിലും പദ്ധതികള്‍ പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ഇന്ത്യൻ സമുദ്രാതിർത്തിക്കുള്ളിലെ വിദേശ കപ്പലുകളുടെ മത്സ്യബന്ധനം**

*30 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദേശ കപ്പലുകൾക്ക് ഇന്ത്യൻ സമുദ്രാതിർത്തികളിൽ മത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകികൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത് സംസ്ഥാനത്തെ മത്സ്യതൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ ;

(സി) സംസ്ഥാനത്തെ മത്സ്യ സമ്പത്തിന്റെ ശോഷണത്തിനിടയാക്കുന്ന ഇത്തരം നടപടി പുന:പരിശോധിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ;

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ജൂൺ 2.

പി. കെ. മുരളീധരൻ,
സെക്രട്ടറി - ഇൻ - ചാർജ്

**കേരള നിയമസഭ**

**11.06.2012-ലെ മറുപടിക്ക്**